"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന നിശ്ചിത യോഗ്യതയുള്ള പാലിയേറ്റീവ് നേഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2083/2023/LSGD തീയതി,തിരുവനന്തപുരം, 25-10-2023

പരാമർശം:-

1. 07/03/2019 തീയതിയിലെ സ.ഉ(സാധാ) നം.553/2019/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 11/02/2021 തിയതിയിലെ സ.ഉ(പി) നം.29/2021/ധന നമ്പർ സർക്കാർ ഉത്തരവ്.
3. 03/06/2022 തീയതിയിലെ സ.ഉ(സാധാ) നം.1373/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26/09/2023-ൽ നടന്ന യോഗനടപടികുറിപ്പിലെ പൊതു വിഷയം ഖണ്ഡിക 3.1 തീരുമാനം

**ഉത്തരവ്**

പരാമർശം (4) ലെ തീരുമാനപ്രകാരം സംസ്ഥാനത്ത് പാലിയേറ്റീവ് രോഗികളുടെ എണ്ണം കൂടിയ സാഹചര്യത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന നിശ്ചിത യോഗ്യതയുള്ള പാലിയേറ്റീവ് നേഴ്സുമാരുടെ പ്രതിമാസ വേതനം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സൂചന (2) ഉത്തരവിൽ പ്രതിപാദിക്കുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (JPHN) - ന് നൽകാവുന്ന 24,520/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

i) ഈ വർദ്ധനവിന് 01/10/2023 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ii) പാലിയേറ്റീവ് നേഴ്സുമാരുടെ കുറഞ്ഞ യോഗ്യതയായ JPHN/ANM കോഴ്സ് പാസായവർക്ക് നൽകാവുന്ന വേതനമാണ് വർദ്ധിപ്പിച്ച് നിശ്ചയിച്ചിരിക്കുന്നത്. സൂചന(1) ഉത്തരവിലെ ഖണ്ഡിക 2.13.2 - ൽ പ്രതിപാദിക്കുന്ന യോഗ്യതകളിൽ ഏതെങ്കിലും യോഗ്യത ഉള്ളവരായിരിക്കണം.

iii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പാലിയേറ്റീവ് പ്രവർത്തനത്തിൽ മറ്റ് യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ നിയമിക്കപ്പെട്ടവർ ഇപ്പോൾ തുടരുന്നുവെങ്കിൽ ആയവർക്ക് സൂചന (3) ഉത്തരവ് പ്രകാരമുള്ള വേതനത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.

iv) പാലിയേറ്റീവ് രോഗികളുടെ എണ്ണം കൂടിയ സാഹചര്യത്തിൽ പാലിയേറ്റീവ് നേഴ്സുമാരുടെ ഫീൽഡ് സർവീസ് മാസത്തിൽ 20 ദിവസമെങ്കിലും രോഗികൾക്ക് ലഭ്യമാക്കേണ്ടതാണ്.

v) പാലിയേറ്റീവ് പരിചരണത്തിനായി സൂചന (1) ഉത്തരവിലെ മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ

മാറ്റമില്ലാതെ തുടരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Reenamma P A
Date: 25-10-2023 16:12:33
സെക്ഷൻ ഓഫീസർ